# കേരള സർക്കാർ

## ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്

16/04/2010 ലെ സ. ഉ. (ആർ. റ്റി. നമ്പർ 1617/10/ ആ. കു. വ.)
ഉത്തരവ് പ്രകാരം രൂപികരിച്ച ഹോമിയോപ്പതി സംബന്ധിച്ച
കമ്മിറ്റിയുടെ

# റിപ്പോർട്ട്

# റിപ്പോർട്ട്

## ആമുഖം

പാരമ്പര്യ ആയുർവേദ വൈദ്യന്മാർക്കും സിദ്ധ വൈദ്യന്മാർക്കും, സ്വയം പഠനം നടത്തി ഹോമിയോ പ്രാക്ടീസ് ചെയ്യുന്നവർക്കും കേന്ദ്ര സംസ്ഥാന നിയമങ്ങൾക്ക് വിധേയമായി പ്രാക്ടീസ് ചെയ്യുന്നതിന് പ്രത്യേകം അനുവാദം നൽകുന്നതും, ' ബി ' ക്ളാസ് രജിസ്ട്രേഷൻ നൽകുന്നതും സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ച് മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്നതിന് 16/04/2010 ലെ സർക്കാർ ഉത്തരവ് (ആർ. റ്റി.) 1617/2010/ആ. കു. വ. നമ്പരായി രണ്ട് കമ്മറ്റികൾ രൂപീകരിച്ച് സർക്കാർ ഉത്തരവായി. ഇതിൽ ഹോമിയോപ്പതി സംബന്ധിച്ച കമ്മറ്റി പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ, ഗവ. ഹോമിയോ മെഡിക്കൽ കോളേജ്, തിരുവനന്തപുരം, ചെയർപേഴ്സണായും, മെഡിക്കൽ കൗൺസിൽ രജിസ്ട്രാർ കൺവീനർ ആയും ഒൻപത് അംഗങ്ങൾ ഉൾപ്പെടുന്നതാണ്. (സർക്കാർ ഉത്തരവ് അനുബന്ധം I ആയി റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.) പ്രസ്തുത കമ്മിറ്റി 25/05/2010, 08/06/2010 എന്നീ തിയതികളിൽ യോഗം ചേരുകയും ഈ വിഷയത്തിൽ വിശദമായ ചർച്ചകൾ നടത്തുകയും ഭൂരിപക്ഷ തീരുമാനപ്രകാരം മാനദണ്ഡങ്ങൾക്ക് രൂപം നൽകുകയും ചെയ്തു. (യോഗ നടപടിക്കുറിപ്പുകൾ അനുബന്ധം യഥാക്രമം II ഉം, III ഉം ആയി റിപ്പോർട്ടിനോട് ചേർത്തിട്ടുണ്ട്). 27/07/2010 ൽ കമ്മറ്റി വീണ്ടും യോഗം ചേർന്ന് കരട് റിപ്പോർട്ട് ചർച്ച ചെയ്ത് അംഗീകരിച്ചു. യോഗ നടപടി ക്രമങ്ങളിൽ പങ്കെടുക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്ത എല്ലാ അംഗങ്ങൾക്കും റിപ്പോർട്ട് തയ്യാറാക്കുന്നതിൽ കമ്മിറ്റിയെ സഹായിച്ച കൗൺസിൽ ജീവനക്കാർക്കും ഈ അവസരത്തിൽ ചെയർപേഴ്സൺ നന്ദി പ്രകാശിപ്പിയ്ക്കുന്നു.

റിപ്പോർട്ട്

പാരമ്പര്യ ആയുർവേദ വൈദ്യന്മാർക്കും സിദ്ധ വൈദ്യന്മാർക്കും, സ്വയം പഠനം നടത്തി ഹോമിയോ പ്രാക്ടീസ് ചെയ്യുന്നവർക്കും കേന്ദ്ര സംസ്ഥാന നിയമങ്ങൾക്ക് വിധേയമായി പ്രാക്ടീസ് ചെയ്യുന്നതിന് പ്രത്യേകം അനുവാദം നൽകുന്നതും, ‘ ബി ’ക്ലാസ് രജിസ്ട്രേഷൻ നൽകുന്നതും സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ച് മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്നതിന് ഹോമിയോപ്പതി സംബന്ധിച്ച കമ്മറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

1. പ്രൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ, ഗവ. ഹോമിയോ മെഡിക്കൽ കോളേജ്, തിരുവന്തപുരം (ചെയർപേഴ്സൺ).
2. ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്.
3. ഡോ. വി. ജാനകിക്കുട്ടി (മുൻ പ്രിൻസിപ്പാൾ).
4. ഡോ.ലെനിൻ, കോല്ലം (മുൻ ഡപ്യൂട്ടി ഡയറക്ടർ, ഇ. എസ്.ഐ.)
5. ഡോ.പട്ടേൽ, കൊല്ലം (മുൻ ഡയറക്ടർ, ഹോമിയോപ്പതി).
6. ഡോ. ബി.എസ്. രാജശേഖരൻ, മെഡിക്കൽ ഓഫീസർ, പനവൂർ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി, തിരുവന്തപുരം.
7. ശ്രീ. കെ. സി. ചന്ദ്രൻ, കരുണ ഹോമിയോ ക്ളിനിക്, പി.ഒ. കതിരൂർ, തലശ്ശേരി.
8. ശ്രീ. കെ. കെ. പത്മനാഭൻ, കെന്റ് ഹോമിയോ ക്ളിനിക്, പി.ഒ. മമ്പാട്, തലശ്ശേരി.

2. കമ്മിറ്റി 25/05/2010, 08/06/2010, 27/07/2010 എന്നീ തീയതികളിലായി ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ കൗൺസിൽ ഹാളിൽ യോഗം ചേർന്നു. യോഗങ്ങളിൽ ഡോ. ജാനകിക്കുട്ടി ഒഴികെ മറ്റെല്ലാ അംഗങ്ങളും പങ്കെടുത്തു. കേരള സംസ്ഥാനത്തിലെ ഹോമിയോപ്പതി ചികിത്സകരുടെ രജിസ്ട്രേഷൻ സംബന്ധിച്ച് ഇപ്പോൾ നിലവിലുള്ള 1953 ലെ തിരു - കൊച്ചി. മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട്, (ഇനി അങ്ങോട്ട് സംസ്ഥാന നിയമം എന്നാവും പരാമർശിക്കപ്പെടുന്നത്) 1973 ലെ ഹോമിയോപ്പതി സെൻട്രൽ കൗൺസിൽ ആക്ട് (ഇനി അങ്ങോട്ട് കേന്ദ്രനിയമം എന്നാവും പരാമർശിക്കപ്പെടുക) എന്നീ നിയമങ്ങളാണ്. ഇതിൽ സംസ്ഥാന നിയമത്തിലെ വ്യവസ്ഥകൾ മുൻ മലബാർ പ്രദേശത്ത് പ്രബല്യത്തിൽ വരുത്തിയിട്ടില്ലെന്നുള്ള വസ്തുത കമ്മിറ്റി മനസിലാക്കുന്നു. എന്നാൽ കേന്ദ്രനിയമത്തിലെ അദ്ധ്യായം I ഉം, 3 മുതൽ 15 വരെയുള്ള വകുപ്പുകളും, അദ്ധ്യായം V ഉം 1/08/1974 മുതലും ബാക്കി വ്യവസ്ഥകൾ 15/09/1978 ലും കേരള സംസ്ഥാനം മുഴുവൻ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് ഭാരത സർക്കാൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

3. സംസ്ഥാന നിയമം നിലവിൽ വരുന്ന സമയത്ത് അംഗീകൃത യോഗ്യതയില്ലാതെ, 1953 ഏപ്രിൽ ഒന്നിനു മുൻപ് അഞ്ച് വർഷമായി ഹോമിയോപ്പതിയിൽ സ്ഥിരമായി ചികിത്സ ചെയ്തിരുന്നവർക്ക് പ്രസ്തുത തീയതിക്ക് ശേഷം ഒരു വർഷത്തിനുള്ളിലോ അല്ലെങ്കിൽ ഗവൺമെന്റ് ദീർഘിപ്പിച്ചു നൽകുന്ന മറ്റൊരു തീയതിയ്ക്കുള്ളിലോ 'പാർട്ട് ബി ' രജിസ്ട്രേഷൻ നൽകാൻ വ്യവസ്ഥയുണ്ട്. പ്രസ്തുത വ്യവസ്ഥ പ്രകാരം ഏകദേശം 1486 പേർക്ക് കൗൺസിലിൽ നിന്ന് 'പാർട്ട് ബി ' രജിസ്ട്രേഷൻ

നൽകിയിട്ടുണ്ട്. എന്നാൽ ഈ കാലയളവിൽ പഴയ മലബാർ പ്രദേശത്തെ സംബന്ധിച്ചടത്തോളം സംസ്ഥാന നിയമം ബാധകമല്ലാത്തതിനാൽ ആ ഭാഗത്തുള്ള ഹോമിയോചികിത്സകർക്ക് 'ബി' ക്ളാസ് രജിസ്ട്രേഷൻ നേടാനുള്ള അവസരം ലഭിച്ചില്ലാ എന്ന വാദം സാങ്കേതികമായി കമ്മിറ്റി അംഗീകരിച്ചു. എന്നാൽ കേന്ദ്ര നിയമം നിലവിൽ വന്നതോടെ മലബാർ പ്രദേശത്ത് രജിസ്ട്രേഷനോ നിയമാനുസൃതമായ അനുമതിയോ ഇല്ലാതെ ഹോമിയോ ചികിത്സ തുടരുന്നത് നിയമവിരുദ്ധമാണെന്ന് കമ്മിറ്റി നിരീക്ഷിച്ചു. കേന്ദ്ര നിയമത്തിന്റെ 15(3) (c) പ്രകാരം പ്രസ്തുത നിയമത്തിന്റെ പ്രസക്ത വകുപ്പ് നിലവിൽ വന്ന തീയതിയായ 01/08/1974 നു മുമ്പ് അഞ്ച് വർഷമായി ഹോമിയോപ്പതി ചികിത്സ ചെയ്തു വരുന്നവർക്ക് അംഗീകൃത യോഗ്യതയോ, രജിസ്ട്രേഷനോ, ഇല്ലാതെ ചികിത്സ തുടരാവുന്നതാണെന്നു വ്യവസ്ഥയുണ്ട്. എന്നാൽ പ്രസ്തുത വകുപ്പ് പ്രകാരം ചികിത്സ തുടരുന്നവരെ കൂടാതെ മറ്റനേകം പേർ അനധികൃതമായി ഹോമിയോ ചികിത്സ നടത്തുന്നതായി കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടു. മുകളിൽപ്പറഞ്ഞ നിയമ വ്യവസ്ഥയുടെ വെളിച്ചത്തിൽ സർക്കാർ ഉത്തരവ് പ്രകാരം മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് കമ്മിറ്റി വിശദമായ ചർച്ച നടത്തി.

4. ശ്രീ.കെ.സി.ചന്ദ്രൻ, ശ്രീ.കെ.കെ.പത്മനാഭൻ എന്നിവർ ഒഴികെയുള്ള മറ്റു കമ്മറ്റി അംഗങ്ങൾ നിലവിലുള്ള നിയമങ്ങൾ പ്രകാരം മാത്രമേ കമ്മറ്റിക്ക് തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളു എന്നതിനാൽ മലബാർ ഭാഗത്ത് കേന്ദ്ര നിയമ പ്രകാരം 01-08-1974 ന് തൊട്ട് മുമ്പ് 5 വർഷമായി ഹോമിയോപ്പതി പ്രാക്ടീസ് ചെയ്തു വരുന്നവർക്ക്

പ്രാക്ടീസ് തുടരാൻ മാനദണ്ഡങ്ങൾക്ക് വിധേയമായി അനുമ നൽകുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്യുവാനും ഇതിലേയ്ക മാനദണ്ഡങ്ങൾ നിശ്ചയിച്ച് അറിയിക്കുന്നതിനും തീരുമാനിച്ചു.

5. ഭൂരിപക്ഷ തീരുമാനത്തോട് വിയോജിച്ച ശ്രീ.കെ.സി.ചന്ദ്രന്റെയു ശ്രീ.കെ.കെ.പത്മനാഭന്റെയും അഭിപ്രായം വിയോജനകുറിപ്പാ റിപ്പോർട്ടിൽ ചേർക്കുന്നതിനും തീരുമാനിച്ചു.

## ശുപാശകൾ

മുകളിൽപ്പറഞ്ഞ തീരുമാനങ്ങളുടെ വെളിച്ചത്തിൽ കമ്മ താഴെപ്പറയുന്ന ശുപാർശകൾ സർക്കാറിനു സമർപ്പിക്കുന്നു.

1. ഏകീകൃത മെഡിക്കൽ ബിൽ എത്രയും വേഗം നടപ്പിലാക
2. മുൻ മലബാർ മേഖലയിൽ കേന്ദ്ര നിയമത്തിലെ 15(3)(സി) വകുപ്പ് പ്രകാരം പ്രാക്ടീസ് തുടരുന്നതിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി സർക്കാർ അനുമതി നൽകുന്നതിന് ശുപാർശ ചെയ്യുന്നു.

## മാനദണ്ഡങ്ങൾ

1. അനുമതി നൽകൽ ഒറ്റത്തവണയായി കർശനമാ നിജപ്പെടുത്തണം.
2. കേന്ദ്രനിയമം സംസ്ഥാനത്ത് നിലവിൽ വന്ന തീയതിയ 01/08/1974 ൽ കുറഞ്ഞത് അഞ്ച് വർഷമായി പ്രാക്ട തുടർന്നുവരുന്നവരായിരിക്കണം.

3. അതതു പ്രദേശത്തെ തഹസീൽദാരിൽ കുറയാത്ത റവന്യൂ ഉദ്യോഗസ്ഥർ നൽകുന്ന അഞ്ച് വർഷ ചികിത്സാ പരിചയ സർട്ടിഫിക്കറ്റിന്റേയും നോട്ടറി അറ്റസ്റ്റ് ചെയ്ത സത്യവാങ്മൂലത്തിന്റേയും അടിസ്ഥാനത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ) സ്ഥാപനം പരിശോധിച്ച് ശുപാർശ ചെയ്യേണ്ടതാണ്.
4. വയസ്സ്, മലബാറിൽ സ്ഥിരതാമസം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അതാതു പ്രദേശത്തെ തഹസീൽദാറിൽ നിന്നും വാങ്ങി ഹാജരാക്കണം.
5. മറ്റു ഉദ്യോഗത്തോടൊപ്പം ഹോമിയോ പ്രാക്ടീസ് നടത്തിവരുന്നവരായിരിക്കരുത്.
6. റേഷൻകാർഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.
7. ട്രാവൻകൂർ കൊച്ചിൻ മേഖലയിൽ നിന്നുള്ള അപേക്ഷകർ ഇപ്രകാരമുള്ള ചികിത്സാനുമതിക്ക് അർഹരല്ല.
8. അപേക്ഷകൾ മെഡിക്കൽ കൗൺസിൽ ഹോമിയോ കമ്മിറ്റി പരിശോധിച്ച് സർക്കാരിന് അനുമതിയ്ക്കായ് ശുപാർശ ചെയ്യേണ്ടതാണ്.

ചെയർപേഴ്സൺ
(പ്രിൻസിപ്പൽ&
കൺട്രോളിങ്ങ് ഓഫീസർ,
ഗവ.ഹോമിയോകോളേജ്,
തിരുവനന്തപുരം)

## വിയോജനക്കുറിപ്പ്

ഭൂരിപക്ഷ തീരുമാനത്തോട് വിയോജിച്ചുകൊണ്ട് ശ്രീ. കെ.സി. ചന്ദ്രൻ, ശ്രീ. കെ.കെ. പത്മനാഭൻ എന്നിവർ ചേർന്നു നൽകിയ വിയോജനകുറിപ്പ് അനുബന്ധം IV ആയി ചേർത്തിട്ടുണ്ട്.